# അനുബന്ധം 1

(11-072016-ൽ ശ്രീ. ഹൈബി ഈഡൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടിയോടൊപ്പം മേശപ്പുറത്ത് വച്ച വിശദാംശങ്ങൾ)

## സ്കൂൾ ബസുകളുടെ സുരക്ഷ

സ്കൂൾ ബസുകളിലും കാറുകളിലും ഓട്ടോറിക്ഷകളിലും വിദ്യാർത്ഥികളെ കുത്തി നിറച്ചും അശ്രദ്ധമായും വാഹനങ്ങൾ ഓടിക്കുന്നത് കർശനമായും നിയന്ത്രിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതു മനസ്സിലാക്കി സർക്കാർ ഇതിനകംതന്നെ നിരവധി മാനദണ്ഡങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകൾ തുറക്കുന്നതിനുമുൻപുതന്നെ സംസ്ഥാന തലത്തിൽ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെയും കീഴിൽ സ്കൂൾ ബസ്സുകളുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. കൂടാതെ നിലവിലുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ സ്കൂൾ ബസ്സുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകാറുള്ളൂ. സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 1989-ലെ കേരളാ മോട്ടാർ വാഹന ചട്ടത്തിലെ ചട്ടം 153(ഡി) പ്രകാരം വിവിധ മാനദണ്ഡങ്ങൾ

ഉൾപ്പെടുത്തിയിട്ടുണ്ട്.

മോട്ടോർ വാഹനവകുപ്പ് അധികൃതർ പരിശോധനയും നിരീക്ഷണവും നടത്തുന്നതിലേക്കായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. അമിതമായി കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെയും ഓട്ടോറിക്ഷ മുതലായ ഇതര വാഹനങ്ങൾക്കെതിരെയും കർശന നടപടി സ്വീകരിക്കുക.

2. സ്കൂൾ ബസ്സുകൾ ഓടിക്കുന്ന ഡ്രൈവർമാർ നിർദ്ദിഷ്ട യോഗ്യതവും പരിചയവും ഉള്ളവരാണെന്ന് ഉറപ്പുവരുത്തുക.

3. സ്വകാര്യ വാഹനങ്ങൾ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സായി ഉപയോഗിക്കുന്നില്ല എന്ന് സ്കൂൾ പരിസരത്ത് തന്നെ പരിശോധന നടത്തി ഉറപ്പുവരുത്തുക.

4. സ്കൂൾ വാഹനങ്ങളിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ടെസ്റ്റിന് ശേഷവും ആവശ്യമായ ഉപകരണങ്ങളായ സ്പീഡ് ഗവേർണർ, എമർജൻസി എക്സിറ്റ്, അഗ്നിശമന ഉപകരണം എന്നിവ പ്രവർത്തന സജ്ജമാണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. സ്കൂൾ ബസ്സുകളിൽ നിർബന്ധമായും ഡോർ അറ്റൻഡന്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ഇവർ സ്റ്റോപ്പുകളിൽ റോഡ് മുറിച്ചുകടക്കുന്നതിന്

കുട്ടികളെ സഹായിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

കാലപ്പഴക്കം ചെന്ന സ്വകാര്യ കാറുകളിലും ഓട്ടോറിക്ഷകളിലും മറ്റും കുട്ടികളെ കുത്തിനിറച്ചുകൊണ്ട് യാത്ര ചെയ്യുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും സൃഷ്ടിക്കാത്തരീതിയിൽ ബന്ധപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നുണ്ട്. കുട്ടികളുടെ യാത്രാസുരക്ഷ ഉറപ്പുവരുത്തുന്നതിൽ കർശനമായ നടപടികൾ സ്വീകരിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് പ്രത്യേകമായ ശ്രദ്ധ ഈ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.